പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1938 04.05. 2017 ൽ മറുപടിക്ക്

## വൈദ്യുതി ചാർജ്ജ് കടിശ്ശിക പിരിച്ചെടുക്കുന്നതിൽ ബോർഡ് വിവേചനം കാട്ടുന്നുവെന്ന ആരോപണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വിൻസെന്റ്<br>" വി.പി.സജീന്ദ്രൻ<br>"എൽദോസ് കുന്നപ്പിള്ളി<br>" അനിൽ അക്കര | ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) വൈദ്യുതിചാർജ്ജ് കടിശ്ശിക പിരിച്ചെടുക്കുന്നതിൽ ബോർഡ് വിവേചനം കാട്ടുന്നുവെന്ന ആരോപണം ശ്രദ്ധയിൽ-പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) നാളിതുവരെ വൈദ്യുതി കടിശ്ശികയിനത്തിൽ എന്ത് തുക ബോർഡിന് പിരിഞ്ഞ് കിട്ടുവാനുണ്ട്; അതിൽ 10 ലക്ഷത്തിലധികം കടിശ്ശികയുള്ളവർ ആരെല്ലാമാണ്; | (ബി) 31.03.2017 ത്രൈമാസ കണക്കു പ്രകാരം ബോർഡിനു കടിശ്ശിക ഇനത്തിൽ 2121.68 കോടി രൂപ പിരിഞ്ഞുകിട്ടുവാനുണ്ട്. ഇതിൽ 10 ലക്ഷത്തിലധികം കടിശ്ശികയുള്ള ഉപഭോക്താക്കളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ഈസർക്കാർ അധികാര-ത്തിൽ വന്ന ശേഷം എന്ത് കടിശ്ശിക പിരിച്ചെടുത്തുവെന്നും അതിൽ റവന്യൂറിക്കവറി നടപടി-കളിലൂടെ പിരിച്ചെടുത്ത തുകയെ-ത്രയെന്നും വെളിപ്പെടുത്തുമോ? | (സി)ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി ചാർജ്ജ് കടിശ്ശിക ഇനത്തിൽ 1,45,83,37,851/- രൂപയും റവന്യൂ റിക്കവറി നടപടികളിലൂടെ 4,11,47,730/- രൂപയും പിരിച്ചെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്